(സി) ഇല്ല. സംസ്ഥാനത്ത് താലൂക്ക് അടിസ്ഥാനത്തിൽ തൃപ്തി ഹോട്ടലുകൾ ആരംഭിക്കണമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രോജക്ട് ഉണ്ടാക്കുകയും യൂണിറ്റുകളെ ഹോട്ടലുകൾ ആരംഭിക്കുവാൻ സജ്ജരാക്കുകയുമുണ്ടായി. എന്നാൽ ഇതിനായി താലൂക്കുകളിൽ സ്ഥലം കണ്ടെത്താൻ കഴിയാത്തതുമൂലം തൃപ്തി ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല.

(ഡി&ഇ) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഇതുസംബന്ധിച്ച കരട് ബിൽ തയ്യാറായി വരുന്നു.

അദ്ധ്യാപക പാക്കേജ്

5 (*95) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) അദ്ധ്യാപക പാക്കേജ്വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പാക്കേജിലെ പ്രധാന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ&ബി) ഉണ്ട്. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ലംഘിച്ചുകൊണ്ട് മാനേജർമാർ നടത്തിയ നിയമനങ്ങൾ കാരണം അംഗീകാരമില്ലാതെയും ശമ്പളമില്ലാതെയും ജോലിചെയ്തിരുന്ന അദ്ധ്യാപകരുടെയും പ്രൊട്ടക്ട്ഡ് അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനവും പുനർവിന്യാസവും ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിനുമായാണ് അദ്ധ്യാപക പാക്കേജിന് രൂപം നൽകിയത്. എന്നാൽ.

LIBRARY ARCHIVES Kerala Legislative Assembly

ബഹു. ഹൈക്കോടതി 30107/13 ഉം മറ്റനുബന്ധ കേസുകളിലെയും 15-1-2015-ലെ വിധിയിലൂടെ പാക്കേജും അനുബന്ധ ഉത്തരവുകളും റദ്ദുചെയ്തിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ W.A:812/15 എന്ന നമ്പറിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അന്തിമവിധി ലഭ്യമായിട്ടില്ല.

(സി) പാക്കേജിന് രൂപംനല്കി പുറപ്പെടുവിച്ച 1-10-2011-ലെ ജി.ഒ (പി) 199/11/പൊവിവ. നമ്പർ ഉത്തരവ്, അദ്ധ്യാപകബാങ്ക് രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച 23-12-2014 ലെ സ.ഉ(പി)278/14/പൊവിവ. എന്നീ ഉത്തരവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) അദ്ധ്യാപക പാക്കേജ് പ്രകാരം ശമ്പളമില്ലാതെ ജോലിയിൽ തുടർന്നിരുന്ന 2813 അദ്ധ്യാപകർക്ക് അംഗീകാരം നല്കി ശമ്പളം നൽകി. കൂടാതെ 2987 പ്രൊട്ടക്ടഡ് അദ്ധ്യാപകർക്കും തസ്തികയില്ലാതെ സർവ്വീസിൽ തുടർന്ന 134 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, കുട്ടികളുടെ കുറവുമൂലം പുറത്തുപോയ 51 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, 1159 റിട്രെഞ്ച്ഡ് ടീച്ചേഴ്സ്, പഞ്ചായത്ത് സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 പേർ, പഞ്ചായത്ത് സ്കൂളുകളിൽ കുട്ടികളുടെ കുറവുമൂലം പുറത്തുപോയ 11 അദ്ധ്യാപകർ, സ്പെഷ്യൽ സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലിചെയ്തിരുന്ന 4 അദ്ധ്യാപകർ എന്നിവർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ട്. 23-12-2014-ലെ സ.ഉ.(പി)നമ്പർ 278/14/പൊവിവ. പ്രകാരം അധ്യാപകബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പാക്കേജ് ഉത്തരവുകളെല്ലാം ബഹു.ഹൈക്കോടതി റദ്ദുചെയ്തിരിക്കുന്ന സാഹചര്യത്തിലും അപ്പീലിന്മേൽ അന്തിമവിധിയാകാത്തതിനാലും ബാങ്ക് രൂപീകരണത്തിനുള്ള തുടർ നടപടികൾക്ക് തത്ക്കാലം നിർവ്വാഹമില്ല.

കയർ വ്യവസായത്തിന്റെ പുരോഗതി

6 (*96) <u>ശ്രീമതി ജമീലാ പ്രകാശം</u> :
<u>ശ്രീ. മാത്യു റ്റി. തോമസ്</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും വേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly